പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1492 06.03.2018-ലെ മറുപടിക്ക്

## സി.എൻ.ജി ബസുകൾ

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | ഉത്തരം<br>എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പഴയ ബസുകൾക്കുപകരം സി.എൻ.ജി ബസുകൾ കിഫ്ബി നിക്ഷേപത്തിലൂടെ വാങ്ങുമെന്ന് പറഞ്ഞിരുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ? | 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് 1000 സി.എൻ.ജി ബസ്സുകൾ വാങ്ങുന്നതിനായി പ്രത്യേക നിക്ഷേപ നിധിയിൽപ്പെടുത്തി കിഫ്ബിയിൽ നിന്നും 300 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് സ.ഉ.(സാധാ)നം. 72/2017/ഗതാ തീയതി 20.02.2017 ഉത്തരവ് പ്രകാരം ഇതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പഴയ ബസ്സുകൾക്ക് പകരം സി.എൻ.ജി ബസ്സുകൾ കിഫ്ബി നിക്ഷേപത്തിലൂടെ വാങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ സി.എൻ.ജി ലഭ്യതയുടെ പരിമിതി കണക്കിലെടുത്തുകൊണ്ട് കിഫ്ബി ഫണ്ട് ഉപയോഗിച്ച് സി.എൻ.ജി ബസ്സുകൾ വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ